**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2228** **20-01-2021 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ . ബാബു | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ എത്രപേർക്കാണ് ബി.പി.എൽ കാർഡ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ / എ.പി.എൽ വിഭാഗങ്ങൾക്കു പകരമായി മുൻഗണനാ (എ.എ.വൈ, പി.എച്ച്.എച്ച്) / മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,80,040 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 5,88,092 എ.എ.വൈ കാർഡുകളും 32,47,478 പി.എച്ച്.എച്ച് കാർഡുകളും ഉൾപ്പെടെ ആകെ 3,835,570 മുൻഗണനാ കാർഡുകൾ അനുവദിച്ചതിലൂടെ 1,52,94,754 അംഗങ്ങളാണ് മുൻഗണനയിൽ ഉൾപ്പെട്ടിട്ടുള്ളത്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്. |

സെക്ഷൻ ഓഫീസർ